17
ജൂലൈ 2023
തിങ്കൾ
Pages- 5
Vol. 2 Issue 165

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

534

## മണിപ്പൂരിൽ നടക്കുന്നത് ആസൂത്രിത കലാപം

# ഭരണകൂടം മൗനം വെടിയണം: സംസ്ഥാന പി.വൈ.പി.എ












തിരുവല്ല : ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ യുവജന വിഭാഗമായ പെന്തെക്കോസ്ത് യുവജന സംഘടനയുടെ (പി.വൈ.പി.എ.) കേരള ഘടകത്തിന്റെ നേതൃത്വത്തിൽ തിരുവല്ല നഗരസഭാ ഓപ്പൺ സ്റ്റേജിൽ മണിപ്പൂരിൽ നടക്കുന്ന വംശഹത്യക്കെതിരെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഏകദിന ഉപവാസ പ്രാർത്ഥനയും, പൊതുസമ്മേളനവും, സമാധാന റാലിയും നടന്നു.

രാവിലെ ആരംഭിച്ച ഏകദിന ഉപവാസം പി.വൈ.പി.എ സംസ്ഥാന ആക്ടിങ് പ്രസിഡന്റ് ഇവാ. മോൻസി പി. മാമൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന നേതാക്കളായ ലിജോ സാമുവേൽ, ഷിബിൻ ഗിലെയാദ്, ബിബിൻ കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു.

വൈകുന്നേരം തിരുവല്ല പട്ടണത്തിൽ നടന്ന സമാധാന റാലി യുവജന പങ്കാളിത്തം കൊണ്ടും, അച്ചടക്കം കൊണ്ടും പൊതുജന ശ്രദ്ധയാകർഷിച്ചു. ഐ.പി.സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഡാനിയേൽ കൊന്നനിൽക്കുന്നതിൽ ഫ്ലാഗ് ഓഫ് ചെയ്ത റാലിക്ക് സഭയുടെ സംസ്ഥാന, ജനറൽ കൗൺസിൽ അംഗങ്ങൾ, ദൈവദാസന്മാർ, പി.വൈ.പി.എ അംഗങ്ങൾ ഉൾപ്പെടെയുള്ളവർ നേതൃത്വം നൽകി.

വൈകിട്ട് നടന്ന ഐക്യദാർഢ്യ പൊതുസമ്മേളനത്തിലെ ബഹുജന പങ്കാളിത്തം വേറിട്ടൊരനുഭവമായി. ജനറൽ കൗൺസിലംഗം സുധി കല്ലുങ്കൽ അധ്യക്ഷത വഹിച്ച സമ്മേളനം മുൻ രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട എം.പി. ശ്രീ ആന്റോ ആന്റണി, സി.പി.ഐ.എം ജില്ലാ സെക്രട്ടറി കെ.പി.ഉദയഭാനു, യുഡിഫ് ജില്ലാ ചെയർമാൻ അഡ്വ. വർഗീസ് മാമൻ, മുൻ ജനപ്രതിനിധി രാജു എബ്രഹാം, ഐപിസി കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ജെയിംസ് ജോർജ് വേങ്ങൂർ, പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, രാജു പൂവക്കാല, ഷിബു നെടുവേലിൽ, ചാക്കോ ജോൺ, ബ്രദർ പീറ്റർ മാത്യു വല്യത്ത് എന്നിവർ പ്രസംഗിച്ചു. കൂടാതെ രാവിലെ മുതൽ ആരംഭിച്ച പൊതു പരിപാടിയിൽ പാസ്റ്റർമാരായ അനീഷ് കാവാലം, സാം പനച്ചയിൽ, സുനിൽ വെട്ടമല, അജു അലക്സ്, ടിപ്സൺ തോമസ്, ജിജി ചാക്കോ തേക്കുതോട്, അലൻ ജോസഫ്, സാം പി ജോസഫ്, റ്റിജു ചാക്കോ, ബിനു കൊന്നപ്പാറ എന്നിവരും കൗൺസിൽ അംഗങ്ങളായ ജോജി ഐപ്പ് മാത്യൂസ്, ബിനോയ് ഇടക്കല്ലൂർ, റോയ് ആന്റണി, സാബു കടമ്മനിട്ട, ഷാജി വളഞ്ഞവട്ടം, ബോബി തലപ്പാടി, ജോസി പ്ലാത്താനത്ത്, ബെനിസെൻ പി ജോൺസൺ എന്നിവരും പ്രസംഗിച്ചു.

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ജൂലൈ 17 തിങ്കൾ



# തട്ടിപ്പ് ഇങ്ങനേയും ?

ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമായ ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഓരോ ദിവസവും നിരവധി കേസുകളാണ് ഓരോ സംസ്ഥാനങ്ങളിലും രജിസ്റ്റർ ചെയ്യുന്നത്. യൂട്യൂബിൽ ലൈക്ക് ചെയ്താൽ, ചില പോസ്റ്റുകൾ ഷെയർ ചെയ്താൽ പണം തരും എന്നൊക്കെയാണ് വാഗ്ദാനങ്ങൾ. അതിന് പല തവണയായി രജിസ്ട്രേഷൻ ഫീസ് എന്ന പേരിൽ പണവും വാങ്ങും. ആദ്യമാദ്യം അവർ പ്രതിഫലം തരും. പിന്നെ പിന്നെ അങ്ങോട്ട് വാങ്ങുന്ന തുക കൂടുകയും ഇങ്ങോട്ട് കിട്ടുന്നത് കുറയുകയും പതിയെ ഇല്ലാതാവുകയും ചെയ്യും. അപ്പോഴേക്കും പതിനായിരങ്ങളോ ലക്ഷങ്ങളോ അവർ കൈക്കലാക്കിയിരിക്കും.

ഈ തട്ടിപ്പുകൾ എല്ലാം വിജയിക്കുന്നതിന്റെ പ്രധാന കാരണം കുറുക്കു വഴിയിലൂടെയോ അധ്വാനിക്കാതെയോ പണം ഉണ്ടാക്കുവാനുള്ള നമ്മുടെ പണക്കൊതിയാണ്. 'ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണം ആകുന്നു' എന്ന് ബൈബിൾ പറയുന്നു. ഇങ്ങനെ ദ്രവ്യാഗ്രഹം ഉള്ളിൽ കയറി ജീവിതത്തിൽ പരാജയപ്പെട്ട ഒരു ബൈബിൾ കഥാപാത്രമാണ് പ്രവാചക ശിഷ്യനായ ഗേഹസി.

നമുക്ക് ഈ ഭൂമിയിൽ ജീവിക്കാൻ പണം, സമ്പത്ത് ആവശ്യമാണ്. എന്നാല് ഏത് കുറുക്കു വഴിയിലൂടെയും പണം ഉണ്ടാക്കണം എന്ന ചിന്ത അത്യാപൽക്കരമാണ്. നമ്മൾ അധ്വാനിച്ച് ജീവിക്കണം എന്ന് തന്നെയാണു ബൈബിൾ പഠിപ്പിക്കുന്നത്. ദൈവത്തേക്കാൾ ഉപരി പണത്തിന് പ്രാധാന്യം കൊടുക്കുന്നവരുടെ എണ്ണം ആത്മീയ ലോകത്തും ഇന്ന് കുറവല്ല. എന്നാൽ കൂടുതൽ പണം നേടിയാൽ ജീവിതം കൂടുതൽ സന്തോഷകരമാകും എന്ന ചിന്ത തികച്ചും തെറ്റാണ്. പണത്തിനല്ല, ദൈവത്തിനും ദൈവവുമായുള്ള നമ്മുടെ ബന്ധത്തിനുമാണ് നമ്മൾ പ്രാധാന്യം കൊടുക്കേണ്ടത്. പണത്തിനു മാത്രം പ്രാധാന്യം കൊടുത്ത് മുന്നോട്ട് പോയാൽ, എങ്ങനെയെങ്കിലും പണം ഉണ്ടാക്കണം എന്ന ചിന്ത നമ്മെ ഭരിച്ചു മുന്നോട്ടു കൊണ്ടുപോയാൽ, അതിൻറെ അവസാനം സർവ്വനാശമായിരിക്കും. 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റുകൊടുത്ത യൂദായുടെ ചരിത്രം നമ്മുടെ മുമ്പിൽ തന്നെ ഉണ്ടല്ലോ



മാന്യമായ രീതിയിൽ മാത്രം പണം സമ്പാദിക്കുകയും മാന്യമായ രീതിയിൽ മാത്രം അത് ചെലവഴിക്കുകയും ചെയ്ത് നമുക്കുള്ള പണം ദൈവരാജ്യ വിപുലീകരണത്തിനും നമ്മുടെ അയൽക്കാരുടെ സന്തോഷത്തിനും നമ്മുടെ മാന്യമായ ജീവിതത്തിനും ഒക്കെ മാറ്റിവെച്ചുകൊണ്ട് നമുക്ക് സന്തോഷത്തോടെ ജീവിക്കാം. ദ്രവ്യാഗ്രഹത്തെ ഹൃദയത്തിൽ നിന്ന് എടുത്തു കളയാം. അല്ലെങ്കിൽ ഇനിയും നമ്മളിൽ പലരും ചതിക്കുഴികളിൽ വീണുകൊണ്ടെയിരിക്കും.

**അനു കോശി**

## പ്രത്യേക പ്രാർത്ഥനയ്ക്ക്

കുമ്പനാട് ഇന്ത്യാ ബൈബിൾ കോളേജിലെ സ്റ്റാഫ് പാസ്റ്റർ അനു കോശിയുടെ ഭാര്യാ മാതാവും ചിറ്റാർ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവും ആയ എൽസി ബിജു (61), മസിലുകളെ ബാധിക്കുന്ന Dermatomyositis എന്ന അസുഖ ബാധ്യതയായി ഗുരുതരാവസ്ഥയിൽ എറണാകുളം അമൃത ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ആയിരിക്കുന്നു . എല്ലാവരുടെയും പ്രത്യേക പ്രാർത്ഥനയെ ചോദിക്കുന്നു.

പാസ്റ്റർ അനു കോശി: 8921808381

# CRYM KERALA സ്റ്റേറ്റ് കമ്മിറ്റിയും മെംബെർഷിപ് ക്യാമ്പയിൻ ഉദ്ഘടനവും നാളെ വാളകത്ത്

ആയുർ : ചർച്ച് ഓഫ് ക്രൈസ്റ്റ് സഭയുടെ യുവജനവിഭാഗമായ ക്രിസ്ത്യൻ റിവൈവൽ യൂത്ത് മൂവ്മെന്റ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗവും മെമ്പർ ഷിപ് ക്യാമ്പയിൻ ഉദ്ഘടനവും നാളെ വാളകം മേഴ്സി ഹോസ്പിറ്റൽ ചാപ്പലിൽ വെച്ചു രാവിലെ 10 മുതൽ 1 വരെ നടക്കുന്നു, CRYM പുതിയ കമ്മിറ്റിയുടെ പ്രവർത്തനഉദ്ഘാടനം ചർച്ച് ഓഫ് ക്രൈസ്റ്റ് വൈസ് പ്രസിഡന്റ് ഡോ റോയ് അലക്സാണ്ടർ നിർവഹിക്കുന്നു, CRYM മെംബെർഷിപ് ക്യാമ്പയിൻ ഉദ്ഘാടനം സഭയുടെ ജനറൽ സെക്രട്ടറി ഡോ ജോർജ് റ്റി കുര്യൻ നിരവഹിക്കുന്നു. CRYM ജനറൽ സെക്രട്ടറി ബ്രദർ ജോജോ റാന്നി സ്റ്റേറ്റ് കമ്മിറ്റിയുടെ പുതിയ പ്രൊജക്റ്റകൾ കമ്മിറ്റിയിൽ അവതരിപ്പിക്കും, തുടർന്ന് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ പത്തനാപുരം ഗാന്ധി ഭവൻ സന്ദർശിക്കുകയും ചെയ്യുന്നു.

# ക്രൈസ്തവ വിരുദ്ധ ആക്രമണം: സുപ്രീം കോടതിയുടെ നോട്ടീസ്

ന്യൂഡൽഹി : ഭാരതത്തിൽ ക്രൈസ്തവർക്ക് എതിരെ അരങ്ങേറുന്ന അതിക്രമങ്ങളിൽ നടപടി വേണമെന്നാവശ്യപ്പെട്ട് ബംഗളൂരു ആർച്ച് ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ നൽകിയ ഹർജിയിൽ സംസ്ഥാനങ്ങൾക്ക് നോട്ടീസ് അയച്ച് സുപ്രീംകോടതി. ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് ഉൾപ്പെടുന്ന ഡിവിഷൻ ബെഞ്ചാണു നോട്ടീസ് അയച്ചത്.

2021ൽ മാത്രം ക്രൈസ്തവർക്കെതിരേ 500ലധികം അക്രമങ്ങൾ നടന്നതായി ഹർജിക്കാർക്കായി ഹാജരായ മുതിർന്ന അഭിഭാഷകൻ കോളിൻ ഗോൺസാൽവസ് ചൂണ്ടിക്കാട്ടി. അക്രമങ്ങൾ നടത്തുന്നവർക്കെതിരേ എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം നടത്തുന്നതിനും അതത് സംസ്ഥാനങ്ങൾക്ക് പുറത്തുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

# ക്രിസ്ത്യാനികളും മിശിഹൈക ജൂതന്മാരും യഹൂദരിൽ നിന്നും പീഡനങ്ങൾ നേരിടുന്നു



ജെറുസലേം : ക്രിസ്ത്യാനികളും മിശിഹൈക ജൂതന്മാരും ക്രിസ്ത്യൻ മിഷനറിമാരും ഇസ്രായേലിലെ യഹൂദ തീവ്രവാദികളിൽ നിന്ന് വർദ്ധിച്ചുവരുന്ന ശത്രുത നേരിടുന്നതായി റിപ്പോർട്ട്. ജറുസലേമിലെ മിശിഹൈക ജൂതന്മാരുടെ കൺവെൻഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് ആളുകളെ തടയാൻ ലെഹാവ സംഘടനയുടെയും ഓർ എൽ'അച്ചിം സംഘടനയുടെയും പ്രവർത്തകർ ശ്രമിച്ചു. പ്രവർത്തകരെ പിരിച്ചുവിടാനും സംഭവത്തിന്റെ സുരക്ഷ ഉറപ്പാക്കാനും ഇസ്രായേൽ നിയമപാലകർ സംഭവസ്ഥലത്ത് പ്രതികരിച്ചു, ഇത് ഒരു പ്രവർത്തകന്റെ അറസ്റ്റിലേക്ക് നയിച്ചു.

ഇസ്രായേലിലെ ക്രിസ്ത്യൻ സാന്നിധ്യത്തെയും മതപരിവർത്തനത്തെയും ലേഹാവ, ഓർ എൽ അച്ചിം സംഘടനകൾ എതിർക്കുന്നു. ജറുസലേമിലെ ഡെപ്യൂട്ടി മേയർ അരിഹ് കിംഗ് അടുത്തിടെ ഒരു കൂട്ടം ക്രിസ്ത്യാനികൾ വെസ്റ്റേൺ വാളിന് സമീപം ഒരു പ്രാർത്ഥന അനുവദിക്കുന്നതിനെ എതിർത്തു, എന്നാൽ താൻ ഇസ്രയേലിലെ ക്രിസ്ത്യൻ സാന്നിധ്യത്തെ എതിർക്കുന്നില്ല, മറിച്ച് ക്രിസ്ത്യൻ മതപരിവർത്തനത്തെയാണ് എതിർത്തതെന്നും കിംഗ് പറഞ്ഞു. ഇസ്രായേലിൽ ക്രിസ്ത്യാനികളോട് ശത്രുതയുടെയും അക്രമത്തിന്റെയും സംഭവങ്ങൾ വളരെക്കാലമായി ഉണ്ടായിട്ടുണ്ടെങ്കിലും, സമീപ മാസങ്ങളിൽ വർധനവുണ്ടായിട്ടുണ്ട്. ശത്രുതയും അക്രമവും വർദ്ധിക്കുന്നത് നിലവിലെ ഇസ്രായേലി ഭരണസഖ്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചില വിശകലന വിദഗ്ധർ വിലയിരുത്തുന്നു, ഇത് പ്രധാനമായും ഇസ്രായേലി ഓർത്തഡോക്സ് ജൂത സ്വഭാവത്തെ ശക്തമായി സംരക്ഷിക്കുകയും പൊതുസ്ഥലത്ത് ക്രിസ്തുമതത്തെ എതിർക്കുകയും ചെയ്യുന്ന തീവ്ര വിഭാഗങ്ങളുടെ പിന്തുണയോടെയാണ്.

ജറുസലേമിലെ ചീഫ് സെഫാർഡിക് റബ്ബിയുടെയും ജറുസലേം സിറ്റി ഗവൺമെന്റിലെ പ്രതിപക്ഷ പാർട്ടിയുടെ നേതാവിന്റെയും പ്രസ്താവനകൾ ഉൾപ്പെടെ, ക്രിസ്ത്യാനികൾക്കെതിരായ അക്രമത്തെ ചില മുതിർന്ന ഇസ്രായേലി വ്യക്തികൾ അപലപിച്ചിട്ടുണ്ട്. നിലവിലെ ഇസ്രായേൽ ഗവൺമെന്റിന്റെ നിർദിഷ്ട ജുഡീഷ്യൽ പരിഷ്കാരങ്ങൾക്കെതിരായ പ്രതിഷേധം വ്യാപകമായ തടസ്സങ്ങൾ സൃഷ്ടിച്ചതിനാൽ, ഇസ്രായേലിൽ നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര കലാപങ്ങൾക്കിടയിലാണ് ഈ സംഭവങ്ങൾ.

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# സ്വന്തം ഇച്ഛാശക്തിയിലും അറിവോടെയും ഉള്ള പരിവർത്തനം എതിർക്കുന്നില്ല : ഹിമന്ത ബിശ്വ ശർമ്മ

ഗുവാഹത്തി: വശീകരണത്തിലൂടെയുള്ള മതപരിവർത്തനം നിരോധിക്കണമെന്നും അത് ഭരണഘടനാ വിരുദ്ധമാണെന്നും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ. ഇഷ്ടമുള്ള മതം സ്വതന്ത്രമായി ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഭരണഘടന നൽകുന്നുണ്ടെന്നും എന്നാൽ ഏതെങ്കിലും തരത്തിലുള്ള പ്രേരണയിലൂടെയും വശീകരണത്തിലൂടെയും മതപരിവർത്തനത്തിന് അനുമതി നൽകുന്നില്ലെന്നും ശർമ്മ ഞായറാഴ്ച ഒരു യോഗത്തിൽ പറഞ്ഞു.'സംസ്ഥാനത്തെ പല തദ്ദേശീയരും ഗോത്രവർഗക്കാരും ഇടയിൽ കാണപ്പെടുന്ന മതപരിവർത്തന പ്രവണത അവരുടെ പരമ്പരാഗത വിശ്വാസങ്ങളും ആചാരങ്ങളും ഇല്ലാതാക്കൻ കാരണമായി. മതപരിവർത്തനം ലോകമെമ്പാടുമുള്ള പല തദ്ദേശീയ വിശ്വാസങ്ങളുടെയും വംശനാശത്തിലേക്ക് നയിച്ചു, 'എന്നിരുന്നാലും, വ്യക്തികൾ സ്വന്തം ഇച്ഛാശക്തിയിലും അറിവോടെയും മറ്റൊരു മതത്തിലേക്ക് മാറുന്നതിനെ താൻ എതിർക്കുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മലയാളി പെന്തക്കോസ്ത് കോൺഫ്രൻസ് നാഷണൽ ലേഡീസ് കോർഡിനേറ്ററായി ആൻസി സന്തോഷ്



ഹൂസ്റ്റൺ: നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസ് (പി.സി.എൻ.എ.കെ) നാഷണൽ ലേഡീസ് കോർഡിനേറ്ററായി ന്യൂയോർക്ക് ക്രൈസ്റ്റ് എജി ചർച്ച് സഭാഗം സിസ്റ്റർ ആൻസി സന്തോഷിനെ തിരഞ്ഞെടുത്തു. സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ അസോസിയേറ്റും ഡയറക്ടറുമായി സേവനമനുഷ്ഠിച്ചിട്ടുള്ള ആൻസി സന്തോഷ് മികച്ച സംഘാടകയും കൂടിയാണ് . നിലവിൽ വിമൻ ഫോർ ക്രൈസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ലേഡീസ് കോർഡിനേറ്ററായി സേവനമനുഷ്ഠിക്കുന്നു.സന്തോഷ് എബ്രഹാമാണ് ഭർത്താവ്.മക്കൾ : ജോർജിന, അബിയ.

# മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാ സമ്മേളനം കൊടുമണ്ണിൽ




കൊടുമൺ: യുണൈറ്റഡ് പെന്തകോസ്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ പ്രാർത്ഥനാ സമ്മേളനം ജൂലൈ 16 ന് ഞായറാഴ്ച 4 മണി മുതൽ കൊടുമൺ ടൗണിൽ നടന്നു രക്ഷാധികാരി പാസ്റ്റർ പിവി വർഗീസ് അധ്യക്ഷത വഹിച്ചു സെക്രട്ടറി പാസ്റ്റർ ബിനോയി എം ജോഷ്വാ സ്വാഗതം പറഞ്ഞു പ്രസിഡന്റ് പാസ്റ്റർ സാം കോശി സമ്മേളനം ഉദ്ഘാടനം ചെയ്തു ജനപ്രതിനിധികളായ ശ്രീ എ വിജയൻ നായർ, ശ്രീ എ എൻ സലീം സംസാരിച്ചു മുഖ്യസന്ദേശം ഇന്ത്യ പെന്തകോസ്ത് സഭയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട് മണിപ്പൂർ സംഭവത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ നയിക്കുന്ന പ്രധാനമന്ത്രി മണിപ്പൂർ വിഷയത്തിൽ മൗനം വിട്ടു വേഗത്തിൽ ഇടപെടണമെന്നും ഇന്ത്യ രാജ്യത്തുള്ള ജനങ്ങളെ രണ്ടായി കാണാതെ ഒന്നായി കാണണമെന്നും ക്രിസ്തുവിന്റെ സന്ദേശം സ്നേഹിക്കുക വാൾ എടുക്കുന്നവൻ വാളാൽ മരിക്കും വാൾ ഉറയിൽ ഇടുക എന്നാണ് ക്രിസ്തുനാഥൻ പഠിപ്പിച്ചത് ഈ ആദർശം ഉൾക്കൊണ്ട് രാജ്യത്തിന്റെ സമാധാനത്തിന് വേണ്ടി പ്രാർത്ഥക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു മീഡിയ& പ്രയർ കൺവീനർ പാസ്റ്റർ ഷിബുജോൺ റ്റിം ഗാനങ്ങൾ ആലപിച്ചു പാസ്റ്റർമാരായ സി തങ്കച്ചൻ, പി ജെ തോമസ്, ഏബ്രഹാം വി തോമസ്, ജി സാംകുട്ടി, ജോർജ്ജ് വർഗ്ഗീസ് എന്നിവർ പ്രാർത്ഥിച്ചു വൈസ് പ്രസിഡന്റ് പാസ്റ്റർ തോമസ് ശാമുവേൽ കൃതജ്ഞത രേഖപ്പെടുത്തി

## ചക്രവാതചുഴി ന്യൂന മർദ്ദമായി ശക്തി പ്രാപിക്കും :



തിരുവനന്തപുരം : സാംസ്ഥാനത്തു നാല് ദിവസം വിവിധ ജില്ലകളിൽ ജാഗ്രതാ നിർദേശം. വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതചുഴി രൂപപ്പെടുന്നത്. ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുള്ളതുമാണ്. കേരളത്തിൽ നാളെമുതൽ ഒറ്റപെട്ട ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു




# മതപരിവർത്തനത്തിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് പോലീസിന്റെ നോട്ടീസ്: എതിർപ്പിനെ തുടർന്ന് പിൻവലിച്ചു

'താനോ അവന്റെ സംഘടനയോ മതപരിവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ വ്യക്തിയോട് ആവശ്യപ്പെടുന്ന ഒരു ചോദ്യം നോട്ടീസിലുണ്ട്. പോലീസിന്റെ ഈ നടപടി നമ്മുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാണ്

ഇൻഡോർ : മതപരിവർത്തന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് മധ്യപ്രദേശിലെ ഇൻഡോർ നഗരത്തിലെ 40 പള്ളികളിലെ ഭാരവാഹികൾക്ക് പോലീസ് നോട്ടീസ് അയച്ചു, എന്നാൽ ക്രിസ്ത്യൻ സമൂഹത്തിന്റെ എതിർപ്പിനെത്തുടർന്ന് അവ 'അബദ്ധവശാൽ' നൽകിയതാണെന്ന് പറഞ്ഞു പിൻവലിച്ചു. കഴിഞ്ഞയാഴ്ച ഇൻഡോറിലെ വിവിധ പോലീസ് സ്റ്റേഷനുകൾ 40 ഓളം പള്ളികളുടെ ഭാരവാഹികൾക്ക് നൽകിയ നോട്ടീസിൻമേൽ ക്രിസ്ത്യൻ സമൂഹത്തിനു എതിർപ്പുള്ളതായി കണ്ടെത്തി, ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ ജനങ്ങളിലെത്തിയ നോട്ടീസ്, ഇൻഡോറിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കാണ് അയച്ചതെന്ന് ഇൻഡോർ പോലീസ് കമ്മീഷണർ മക്രന്ദ് പറഞ്ഞു.

എസ്എച്ച്ഒമാർ അത് ക്രിസ്ത്യൻ അംഗങ്ങൾക്ക് 'അബദ്ധവശാൽ'അയച്ചതാണെന്നും , എതിർപ്പിനെത്തുടർന്ന് നോട്ടീസ് പിൻവലിച്ചതായും ഉദ്യോഗസ്ഥർ പറഞ്ഞു. മതപരിവർത്തന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനെക്കുറിച്ചുള്ള നോട്ടീസുകളിൽ എതിർപ്പുള്ള ചോദ്യങ്ങളുണ്ടെന്ന് യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിലെ സുരേഷ് കാൾട്ടൺ അറിയിച്ചു. 'താനോ അവന്റെ സംഘടനയോ മതപരിവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ വ്യക്തിയോട് ആവശ്യപ്പെടുന്ന ഒരു ചോദ്യം നോട്ടീസിലുണ്ട്. പോലീസിന്റെ ഈ നടപടി നമ്മുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാണ്,' അദ്ദേഹം അവകാശപ്പെട്ടു. ക്രൈസ്തവർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടില്ലെന്നും ഈ നോട്ടീസിനെതിരെ ഞങ്ങൾ ഹൈക്കോടതിയിൽ പോകുമെന്നും കാൾട്ടൺ അറിയിച്ചു.

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന ഹിന്ദുക്കളെ തടയാൻ നിയമം വേണം: വിഎച്ച്പി

അഗർത്തല : ക്രിസ്തുമതത്തിലേക്ക് ജനം പരിവർത്തനം ചെയ്യപ്പെടുന്ന സംഭവങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തി വിശ്വഹിന്ദു പരിസത്ത് സൗത്ത് ഈസ്റ്റ് ചാപ്റ്റർ വർക്കിംഗ് പ്രസിഡന്റ് അലോക് കുമാർ. ഏകികൃത സിവിൽ കോഡ് നേരത്തേ നടപ്പാക്കുന്നത് ഹിന്ദുമതത്തിനെതിരായ ഭീഷണികൾ കുറയ്ക്കുമെന്നും, ത്രിപുരയിൽ ക്രിസ്ത്യൻ വിശ്വാസികളുടെ എണ്ണം കുതിച്ചുയരുന്നതിനാൽ
ഈ സാഹചര്യം നേരിടാൻ സർക്കാർ ഫലപ്രദമായ നിയമം കൊണ്ടുവരണമെന്നു അദ്ദേഹം പറഞ്ഞു.


'1991ൽ, ത്രിപുരയിലെ ക്രിസ്ത്യാനികളുടെ എണ്ണം മൊത്തം ജനസംഖ്യയുടെ 5% മാത്രമായിരുന്നു, അത് 2001ൽ 10% ആയും 2011ലെ സെൻസസിൽ 13.12% ആയും വർദ്ധിച്ചു. ഏറ്റവും പുതിയ സെൻസസ് റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ലെങ്കിലും, ഈ കണക്ക് ഇപ്പോൾ 20 ശതമാനത്തിലധികം വരും, ഹിന്ദുമതത്തിൽ നിന്നുള്ള പരിവർത്തനത്തിന്റെ ഉയർന്ന വേഗതയിൽ ക്രിസ്ത്യാനികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്,' കുമാർ ചൂണ്ടിക്കാട്ടി.



സെൻസസ് കണക്ക് മാത്രമാണ് ഇത് , എന്നാൽ അവരുടെ യഥാർത്ഥ ഐഡന്റിറ്റി വെളിപ്പെടുത്താത്ത ക്രിപ്റ്റോക്രിസ്ത്യാനികൾ ഉണ്ടെന്നും അദ്ദേഹം ആരോപിക്കുന്നു. ഇന്ത്യൻ ഭരണഘടന മതപരിവർത്തനം അനുവദിക്കുന്നു, പക്ഷേ അത് ചെയ്താൽ ജോലികൾ, സൗജന്യ വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ തുടങ്ങിയ പ്രേരണകളിലൂടെ, അത് തീർച്ചയായും സൗജന്യവും സന്നദ്ധവുമായ പരിവർത്തനങ്ങളായി കണക്കാക്കും.

'മതപരിവർത്തനങ്ങൾക്കെതിരെ ഫലപ്രദമായ നിയമനിർമ്മാണം കൊണ്ടുവരാൻ ഞങ്ങൾ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കും,' സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്താൻ ഈ വിഷയം ഗൗരവമായി കാണണമെന്ന് കുമാർ പറയുന്നു.
മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷുബ്ധാവസ്ഥയെക്കുറിച്ച് സംസാരിക്കവെ, സംഘർഷം രൂക്ഷമായ സംസ്ഥാനത്ത് സാധാരണ നില പുനഃസ്ഥാപിക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുക, ഭവനരഹിതരായ ആയിരക്കണക്കിന് ആളുകളുടെ സുരക്ഷിതമായ തിരിച്ചുവരവ് ഉറപ്പാക്കുക, അത് വ്യാപിപ്പിക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന ശ്രദ്ധയെന്ന് അദ്ദേഹം പ്രസ്താവിച്ചു.

# ഭയത്തിൽ നിന്നും ശീലത്തിലേക്ക്





ബിനു കെ.പി

കണ്ണട ധരിക്കുന്നവർക്കു ആദ്യമാദ്യം അത് ഭാരമാണ്. അല്ലെങ്കിൽ അതൊരു അസൗകര്യമാണ്, അസ്വസ്ഥതയാണ്. എന്നാൽ പോകെപ്പോകെ അതൊര ഭാരമോ അസൗകര്യമോ അല്ലാതെയാകും . അഥവാ അതൊരു ശീലമാകും. അത് ശരീരത്തിന്റെ ഒരു ഭാഗമാവുകയും അതില്ലാതെ പറ്റില്ല എന്ന അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും. ഒരു പക്ഷെ അത് ധരിച്ചിട്ടുണ്ട് എന്ന് പോലും അറിയില്ല. കണ്ണട ധരിച്ചിട്ടു അതിനു വേണ്ടി അന്വേഷിക്കുന്ന ചിലരെങ്കിലും നമ്മുടെ ഇടയിൽ ഉണ്ടാകും . അല്ലെങ്കിൽ അങ്ങനെയുള്ളവരെ നമ്മൾ കണ്ടിട്ടുണ്ടാകും.

കഴിഞ്ഞ 2 ൽ പരം വർഷങ്ങൾ മനുഷ്യ ജീവിതത്തിൽ അസ്വസ്ഥത ഉളവാക്കിയ, ഭയപ്പെടുത്തിയ ഒരു പ്രതിഭാസം ആയിരുന്നു കോവിഡ്19 എന്ന മഹാമാരി. ലോകത്താകമാനം ഇത് പടർന്നു പിടിച്ചപ്പോൾ എല്ലാവരും ഭയവിഹ്വലരായി, അസ്വസ്ഥരായി. അതിന്റെ തുടക്കനാളുകളിൽ ഭയത്തിന്റെയും ആശങ്കകളുടേയും മുൾമുനയിലായിരുന്നു ജനങ്ങൾ. കോവിഡ് പിടിപെട്ടവർ ഒറ്റപ്പെടലുകൾ അനുഭവിച്ചു. മറ്റുള്ളവരോട് സഹകരിക്കുകയോ മറ്റുള്ളവർ സഹകരിക്കുകയോ ചെയ്യാത്ത ഏകാന്തതയുടെ ദിനങ്ങൾ. രോഗം പിടിപെട്ട ചിലരെങ്കിലും മരണപ്പെടുന്നു എന്ന വാർത്തകൾ വളരെ ഞെട്ടലോടെയാണ് എല്ലാവരും ഉൾക്കൊണ്ടത്. ചെറിയ ചുമയോ പനിയോ തൊണ്ടവേദനയോ വന്നാൽ വളരെ ഭയത്തോടെയാണ് ജനങ്ങൾ കഴിഞ്ഞിരുന്നത്. ലോകമാനമുള്ള ഈ മഹാമാരിയുടെ പ്രസരണം മാനവകുലത്തെ ഭയത്തിന്റെ ഉച്ചസ്ഥായിൽ എത്തിച്ചു. എന്നാൽ ഇപ്പോഴും ഈ രോഗത്തിന്റെ പല വകഭേദങ്ങൾ പടർന്നു പിടിക്കുന്നുണ്ടെങ്കിലും ആദ്യനാളുകളിൽ ഉള്ള അത്ര ഭയം ജനത്തിനില്ല എന്നത് യാഥാർഥ്യമാണ്. പോകെപ്പോകെ അതിനോടുള്ള മനോഭാവം മാറി വരുന്നു. പുതിയ എന്തോ വരുന്നു എന്ന ആശങ്കയോടെ!!.
ഭയം എന്നതൊരു വികാരമാണ്. മനുഷ്യർക്കും മൃഗങ്ങൾക്കും ഭയം ഉണ്ടാകാം. ശത്രു ഭയം, പ്രതികൂല സാഹചര്യ ഭയം . അനിഷ്ട സംഭവ സാധ്യതാ ഭയം എന്നിങ്ങനെ പലകാരണങ്ങളാൽ ഭയമുണ്ടാകാം. എന്നാൽ ദൈവമക്കളായ നമ്മുടെ ഭയം എന്താണ്? ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് എന്ന ദൈവവചനം ഈ കാലഘട്ടത്തിൽ നമുക്കു ധൈര്യം നൽകുന്നുണ്ടോ? കോവിഡ് ദിനങ്ങളിൽ മരണം ഭയം നമ്മെയും പിടിച്ചുലച്ചിരുന്നോ ? ഇപ്പോഴും പിടിച്ചുലക്കുന്നുണ്ടോ?

എന്നാൽ എന്തിന്റെ മരണമാണ് നമ്മെ ഭയപ്പെടുത്തുന്നത്? ശാരീരിക മരണമോ അതോ അത്മീയ മരണമോ ? ഹേ മരണമേ , നിന്റെ ജയമെവിടെ എന്ന വെല്ലുവിളിക്ക് പൗലോസിൽ ഉൾക്കൊണ്ട ധൈര്യം എന്തായിരുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ? ഇഹലോക വാസം വെടിയുമെന്നുള്ള ഭയമല്ല, മറിച്ചു ക്രിസ്തുവിനോട് ചേരുമെന്നുള്ള പ്രത്യാശയല്ലേ ആ വെല്ലുവിളിക്ക് പ്രചോദനമായത്!

ശരിക്കും നമ്മുടെ ആകുലതയും ഭയവും എന്തിലാണു? നമ്മുടെ കഷ്ടതകളാലോ അതോ നിത്യത നഷ്ടപ്പെടുമോ എന്ന സംശയ ചിന്തയാലോ? ദൈവവചനം പറയുന്നു ഭയത്തോടെ അവനെ സ്നേഹിക്കുക, വിറയലോടെ അവന്റെ സന്നിധിയിൽ ചെല്ലുക. ഇവിടെ ഒരു ചിന്തക്ക് വകയുണ്ട്. ഇന്നത്തെ ആത്മീയ കൂടിവരവുകളിൽ വിറയലാണോ അതോ വേലയിറക്കലാണോ ? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അധികം വിശകലനം ഒന്നും വേണ്ട. സഭായോഗങ്ങളിലെയും സുവിശേഷയോഗങ്ങളിലെയും ഒട്ടുമിക്ക പ്രോഗ്രാമുകളിലും യേശുക്രിസ്തുവിന്റെ സ്ഥാനം സ്റ്റേജിനു പിറകിലേക്ക് അല്ലെങ്കിൽ വെളിയിലേക്ക് നീക്കി കളഞ്ഞിരിക്കുന്നു എന്ന കാഴ്ച വളരെ വ്യക്തമായി കാണാം. ഞങ്ങളുടെ അതിര് വിട്ടു പോകണമേ എന്ന് പറയാതെ പറയുന്ന കാഴ്ച. ഇത് തിരിച്ചറിയാൻ പ്രത്യേക വിവേചനവരമൊന്നും ആവശ്യമില്ല. ദൈവ സാന്നിധ്യം കൊതിച്ചു വരുന്ന ചിലരെങ്കിലും " നിങ്ങൾ അവനെ എവിടെ വച്ചു" എന്ന് ചോദിച്ചാൽ അതിശയപ്പെടേണ്ട കാര്യമില്ല. "അവൻ ഇവിടെ ഇല്ല" എന്ന് സംഘാടകർ മറുപടി പറയും. സ്വാഗത പ്രസംഗത്തിന്റെയും പുകഴ്ത്തലുകളുടേയും നന്ദിവാക്കുകളുടേയും സമ്മാനദാനത്തിന്റെയും ജീവകാരുണ്യ പ്രവർത്ത വിശദീകരണങ്ങളുടേയും അതിവോടനുബന്ധിച്ചുള്ള ധനശേഖരണത്തിന്റെയും എന്തിനധികം," ലക്കി ഡ്രോ" ശുശ്രൂഷകളുടേയും ഒക്കെ തള്ളിക്കയറ്റലുകൾ ദൈവവചനവും സുവിശേഷവും പ്രസംഗിക്കപ്പെടാനുള്ള സമയം കാർന്നു തിന്നുന്നു. ഒരു പക്ഷെ പ്രോഗ്രാം ഷീറ്റിൽ ദൈവവചന ശുശ്രൂഷയുടെ സമയം കൂടുതൽ വക്കുമെങ്കിലും ഫലത്തിൽ അത് ഏറ്റവും കുറവാണെന്നു കാണാം.

പോട്ടെ .. നമ്മുടെ വിഷയം ഭയമാണല്ലോ. അല്ല ഭയമില്ലായ്മയാണ്. ദൈവത്തെ.. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്ന ദൈവവചനം നമുക്കൊരു ആശ്വാസമാണ്. എന്നാൽ കൊറോണയേ സ്നേഹിച്ചതുകൊണ്ടാണ് അതിനോടുള്ള ഭയം മാറിയത് എന്ന് സമർത്ഥിക്കുവാൻ സാധ്യമല്ല. മരണത്തെ സ്നേഹിച്ചാൽ മരണ ഭയം മാറുകയുമില്ല. എന്നാൽ മരണം എന്നതൊരു യാഥാർഥ്യമണെന്നുള്ള തിച്ചറിവ് ചില പരമസത്യത്തെ അന്വേഷിച്ചു കണ്ടെത്താൻ നമ്മേ സഹായിക്കും. ഭയത്തിൽ നിന്നും നമ്മെ അകറ്റുന്ന സത്യം. മരിച്ചാലും ഞാൻ കർത്താവനോടു കൂടെ വാഴും എന്ന പ്രത്യാശ തരുന്ന സത്യം . ആ സത്യമാണ് സാക്ഷാൽ ക്രിസ്തു. അവിടുന്ന് വഴിയാണ് ,സത്യമാണ് ,ജീവനാണ്. മരണത്തിനപ്പുറമുള്ള നിത്യ ജീവൻ. അവനിൽ മറഞ്ഞിരിക്കുന്ന നമ്മുടെ ജീവൻ.

ദൈവസ്നേഹത്തിന്റെ ഉദാത്തമായ പ്രതിഫലമനായിരുന്നു തന്റെ പുത്രന്റെ ക്രൂശ് മരണം. ഉന്നതനും ഉയർന്നവനും ശാശ്വതവാസിയുമയാ ദൈവം നേരിട്ട് ഭൂമിയിൽ അവതരിച്ചു മാനവകുലത്തെ രക്ഷിക്കുവാൻ കാണിച്ച തന്റെ പ്രവർത്തി സ്നേഹത്തിൽ നിന്നല്ലാതെ മറ്റൊന്നല്ല. അങ്ങനെയെങ്കിൽ ദൈവത്തെ സ്നേഹിക്കുക എന്ന ശീലം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ എല്ലാ ആകുലതയും അകലും എന്നത് ഒരു തത്വമല്ല, മറിച്ചു, ദൈവവചനം നമ്മുക്ക് തരുന്ന ഉറപ്പാണ്.

സുഗന്ധവർഗ്ഗം പൂശേണ്ടതിനു യേശുവിനെ അടക്കിയ കല്ലറയ്ക്കൽ പോയ സ്ത്രീകൾക്ക് യേശുവിന്റെ ശരീരം കാണുവാൻ കഴിഞ്ഞില്ല. ഈ വിഷയത്തിൽ ഭാരപ്പെട്ട അവർക്കു ദൂദന്മാരാൽ ലഭിച്ച സന്ദേശം ഭയപ്പെടേണ്ട അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർത്തെഴുന്നേറ്റു എന്നാണ്. അതിനനന്തരം അവർ ഭയത്തോടും മഹാ സന്തോഷത്തോടും കൂടെ കല്ലറവിട്ടുപോയി (മത്തയി. 28:8) ഇവിടെ അവർക്കു മഹാസന്തോഷം ഉണ്ടായെങ്കിലും ഭയം മാറിയില്ല . എന്നാൽ യേശുവിൽ നിന്നും നേരിട്ട്, "ഭയപ്പെടേണ്ട, അവിടെ (ഗലീലയിൽ ) കാണാം " എന്ന വാക്ക് അവരെ ഭയത്തിൽ നിന്നും വിമുക്തരാക്കി. (മത്തായി 28: 10)

ഈ ചിന്തയിലൂടെ നമ്മൾക്ക് കിട്ടുനന്ന സന്ദേശം അതാണ്.. ഭയപ്പെടേണ്ട ... അവിടെക്കാണാം..
ഭയപ്പെയേണ്ട അവിടെ (സ്വർഗ്ഗ സീയോനിൽ )കാണാം.

അതുകൊണ്ട് നമ്മുക്ക് ഒരു ദൗത്യം ഉണ്ട്. നമ്മുടെ കർത്താവിനെ ഭയത്തോടും വിശുദ്ധിയോടും പൂർണ്ണ ഹൃദയത്തോടും കൂടെ സ്നേഹിക്കുകയും സേവിക്കുകയും വേണം എന്ന ആത്മീയ ദൗത്യം . ഭയത്തോടെ അവനെ സ്നേഹിക്ക, വിറയലോടെ അവന്റെ സന്നിധിയിൽ ചെല്ലുക. അത് തന്നെ ആയിരിക്കട്ടെ നമ്മുടെ ഭയം അല്ല... ശീലം.

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

